പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പരിഷ്കരണം

5 (*485) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം കണക്കിലെടുത്തുള്ള പരിഷ്കരണ നടപടികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഈ സർക്കാർ നിലവിൽ വന്നശേഷം പഠനം നടത്തിയിട്ടുണ്ടോ ;

(സി) ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ പ്രവർത്തന മികവ് നേരിൽ മനസ്സിലാക്കാൻ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും മിഡിൽ ലെവൽ എക്സിക്യൂട്ടീവുകൾക്കും അവസരം നൽകുന്ന കാര്യം പരിഗണിക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യ നടപ്പിലാക്കൽ ഉത്പാദന സൗകര്യങ്ങളുടെ വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണം, വിപണന മേഖലയുടെ വിപുലീകരണം, ഓൺലൈൻ വ്യാപാരം എന്നീ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇ-പേയ്മെന്റ് സംവിധാനത്തോടുകൂടിയ ഇ-പ്രൊക്യൂർമെന്റ്, ഇ-ഗവേണൻസിന്റെ ഭാഗമായി ഇ.ആർ.പി. സംവിധാനം എന്നീ നടപടികളും സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചുവരുന്നു.

(ബി) പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന ദീർഘ/ഹ്രസ്വകാല പദ്ധതികൾക്കായി ഇതുവരെ 718.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വിപണന ചെലവുകൾ ഉൾപ്പെടെയുള്ളവയുടെ വർദ്ധനവ്, പലിശയിനത്തിലുള്ള വർദ്ധനവുകൾ, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തിന് വിഘാതമാകുന്ന കാരണങ്ങളാണ്. ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉത്പാദനച്ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും, മൂലധനത്തിന്റെ അപര്യാപ്തതയും പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണമായിട്ടുണ്ട്.

(സി) ഈ നിർദ്ദേശം സർക്കാർ പരിഗണിക്കുന്നതാണ്.

പ്രസരണ വിഭാഗത്തിലെ നിർമ്മാണ പ്രവൃത്തികൾ

6 (*486) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിലെ പ്രസരണ വിഭാഗത്തിലെ നിർമ്മാണ പ്രവൃത്തികളുടെ പണം നൽകുന്നത് തടഞ്ഞതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചിരുന്നത് ഇലക്ട്രിക്കൽ എൻജിനീയർമാരാണെന്ന ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തലനുസരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇലക്ട്രിക്കൽ എൻജിനീയർമാർ നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ ഗുണ നിലവാരം സിവിൽ എൻജിനീയർമാരെ ഉപയോഗിച്ച് ഉറപ്പാക്കണമെന്നുള്ള ധനകാര്യ പരിശോധനാ വിഭാഗത്തിന്റേയും ചീഫ് ടെക്നിക്കൽ എക്സാമിനറുടെയും ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ-സി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ പ്രസരണ വിഭാഗത്തിലെ ചില സിവിൽ ജോലികൾക്ക് മേൽനോട്ടം വഹിക്കുന്നത് ബന്ധപ്പെട്ട സിവിൽ എൻജിനീയർമാർക്കുപകരം ഇലക്ട്രിക്കൽ എൻജിനീയർമാരാണെന്ന് കണ്ടെത്തിയതായുള്ള ധനകാര്യ (സാങ്കേതിക പരിശോധനാ വിഭാഗം) വകുപ്പ് എക്സ് ഒഫിഷ്യോ സെക്രട്ടറിയായ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിശ്ചിത യോഗ്യതയുള്ള സിവിൽ എൻജിനീയർമാർ മുഖേന മാത്രമായിരിക്കണം സിവിൽ ജോലികളുടെ നിർവ്വഹണവും/മേൽനോട്ടവും നടത്തേണ്ടതെന്ന് 10-1-2014-ലെ കത്തുമുഖേന സർക്കാർ കെ. എസ്. ഇ. ബി. ലിമിറ്റഡിന് നിർദ്ദേശം നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly